സി.എം.എസ്.എച്ച്.എസ് തിരുവല്ല



# കൈത്തിരി

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# താളുകൾ മറിക്കുമ്പോൾ


- ആശംസകൾ
- രചനാസമിതി
- വായനയെക്കുറിച്ചും പുസ്തകങ്ങളെക്കുറിച്ചും മഹാന്മാർ പറഞ്ഞത്
- കടങ്കഥകൾ
- വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവർ
- രണ്ട് തവളകൾ
- എന്റെ വിദ്യാലയം
- മണ്ണാങ്കട്ടയും കരിയിലയും
- സ്നേഹം
- കടപ്പാട്

# ആശംസ

സി എം എസ് എച്ച് എസ് തിരുവല്ലായുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഈ സംരംഭം സ്വാഗതാർഹമാണ്. പൊട്ടച്ചൊല്ലും കളിവാക്കും പറഞ്ഞ് നിഷ്പ്രയോജനകരമായി സമയം പോക്കാതെ , കുട്ടികളുടെ നൈസർഗീക വാസന പരിപോഷിപ്പിക്കാൻ ഡിജിറ്റൽ മാഗസീൻ ഒരു മുഖാന്തരമാകട്ടെ. ഭാവനയുടെ അനന്തതയിൽ ആവോളം ലയിച്ച് സുന്ദരമായ സൃഷ്ടികൾ മറനീക്കി പ്രഭാപൂരിതമാക്കാൻ ഈ യത്നം ഇടയാകട്ടെ. ഒരായിരം ആശംസകളോടെ

മിനി മറിയം ജോൺ

ഹെഡ്മിസ്ട്രസ്

# രചനാസമിതി

ചീഫ് എഡിറ്റർ- മിരിയ മാത്യു

അംഗങ്ങൾ - സരീഷ രാജു

മഹിമ മഹേഷ്

നന്ദന സന്തോഷ്

ലിബിൻ എം വർക്കി

ആൻമരിയ മാത്യു

## വായനെക്കുറിച്ചും
## പുസ്തകങ്ങളെക്കുറിച്ചും മഹാന്മാർ
## പറഞ്ഞത്

- ✗ "വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ച് വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും".

  കുഞ്ഞുണ്ണിമാഷ്
- ✗ "വായന മനുഷ്യനെ പൂർണ്ണനാക്കുന്നു".

  ഫ്രാൻസിസ് ബേക്കൺ
- ✗ "വായിക്കുന്നതിലല്ല വായിച്ചത് ഓർമ്മിച്ചുവെക്കുന്നതിലാണ് വിജ്ഞാനം".

  ഹെൻട്രി വാർഡ് ബീച്ചർ
- ✗ "ഇന്ന് വായിക്കുന്നവനാണ് നാളെയുടെ നേതാവ്".

  മാർഗറേറ്റ് ഫുള്ളർ
- ✗ "വായന എന്നത് വാക്കുകൾക്ക് മുകളിലൂടെയുള്ള നടത്തമല്ല അവയുടെ ആത്മാവിനെ ഗ്രഹിക്കലാണ് ".

  പൗലോ ഫ്രെയർ
- ✗ "ജീവിതത്തിലെ അപര്യാപ്തകളോടുള്ള പ്രതിഷേധമാണ് വായന ".

  മരിയ വാർഗസ് യോസ
- ✗ "ജീവിതാവസാനം വരെ എനിക്ക് മൂന്നേമൂന്ന് സാധനങ്ങളെ വേണ്ടു പുസ്തകം, പുസ്തകങ്ങൾ, പുസ്തകങ്ങൾ മാത്രം".

  ഡോ. രാധാകൃഷ്ണൻ
- ✗ "പുസ്തകമില്ലാത്ത ഭവനം ആത്മാവില്ലാത്ത ശരീരം പോലെയാണ്".

  സിസറോ

മഹിമ മഹേഷ്
ക്ലാസ്സ് 8

# കടങ്കഥകൾ

- അകത്തു തിരതെറുത്തു പുറത്തു മുട്ടയിട്ടു.

  കുരുമുളക്

- അച്ഛനെപ്പേടിയില്ലമ്മയെപ്പേടിയുണ്ടെല്ലാർക്കുമവനേറ്റമുറ്റ ബന്ധു

  ഉപ്പ്

- അടി ചെടി, നടു കായി, തല നെൽച്ചെടി

  കൈതച്ചക്ക

- ഉണ്ടപെണ്ണിന് നൈലോൺ സാരി

  ചുവന്നുള്ളി

- ചപ്പ് ചിന്നം ചിന്നം കായ് മുള്ളം മുള്ളം

  പാവക്ക

- ചില്ലികൊമ്പേൽ മഞ്ഞ പക്ഷി

  പറങ്കിമാങ്ങ

- ഇരുട്ടായിട്ടെണ്ണയെടുത്തു

  എള്ള്

- മുറം നിരച്ചിറുട്ട്

  എള്ള്

- വായില്ല കലത്തിൽ രണ്ടു കറി

  മുട്ട

- ചെറുപ്പത്തിൽ ചുവന്നിട്ടും വല്യപ്പത്തിൽ കറുത്തിട്ടും

  വരാൽ

- ഞെട്ടില്ലാത്തൊരു മുണ്ടൻച്ചക്ക

  മുട്ട

- ഒരമ്മപ്പെറ്റമക്കളെല്ലാം വളയം കളയം

  പടവലങ്ങ

- ആനക്കൊമ്പിൽ പൊടിയരി

  വഴുതനങ്ങ

അക്ഷയ് അനീഷ്

ക്ലാസ്സ് 4

# വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവർ



മിരിയ മാത്യു - ക്ലാസ്സ് 10
പ്രാദേശിക ചരിത്രരചന(സബ്ജില്ല - ഒന്നാം സ്ഥാനം)
ഉപന്യാസരചന(സബ്ജില്ല - ഒന്നാം സ്ഥാനം)



ലിബിൻ എം വർക്കി -ക്ലാസ്സ് 10
ഡിജിറ്റൽ പെയിന്റിങ്(സബ്ജില്ല - രണ്ടാം സ്ഥാനം)
ഹൈജംമ്പ് (സബ്ജില്ല – ഒന്നാം സ്ഥാനം)
ഹർഡിൽസ്(ജില്ല – ഒന്നാം സ്ഥാനം)



അലൻ സിംസൺ - ക്ലാസ്സ്10
ഭൂപട നിർമ്മാണം(സബ്ജില്ല- രണ്ടാംസ്ഥാനം)



ആതിര വിനോദ് - ക്ലാസ്സ്10
പ്രവൃത്തി പരിചയമേള(സബ്ജില്ല- രണ്ടാം സ്ഥാനം)

# രണ്ട് തവളകൾ



ഒരിക്കൽ ഒരു മഹാപ്രളയമുണ്ടായി. ഒരു വലിയ കടലിൽ ജീവിച്ചിരുന്ന തവള വെള്ളപ്പൊക്കത്തിൽ കിണറ്റിൽ ചെന്നു പെട്ടു. കിണറ്റിൽ വേറെ ഒരു തവള താമസിച്ചിരുന്നു. കിണറ്റിലെ തവള കടലിലെ  തവളയെകണ്ടിട്ട് വളരെ അതിശയത്തോടെ ചോദിച്ചു. നീ എവിടെ നിന്ന് വരുന്നു? കടലിലെ തവള പറഞ്ഞു,

ഞാൻ കടലിൽ നിന്നാണ് വരുന്നത്. കിണറ്റിലെ തവളയ്ക്ക് കടലെന്താണെന്ന് അറിയില്ല.

കിണറ്റിലെ തവള പിന്നെയും കടലിലെ തവളയോട് ചോദിച്ചു കടൽ എന്താണ്? അത് വളരെ വലുതാണോ? കിണറിനെക്കാളും അധികം വലുതാണോ? അപ്പോൾ കടലിലെ തവള താൻ ഇരുന്ന വശത്തുനിന്ന് മറുവശത്തേക്ക് ചാടി. കിണറ്റിലെ തവള ചോദിച്ചു, കടൽ ഇത്രയും മാത്രമേ വലുപ്പമുള്ളോ എന്ന് ചോദിച്ചു. കടലിലെ തവള ജീവിതാവസാനത്തോളം ഈ പ്രവർത്തി ചെയ്തുകൊണ്ടിരുന്നെങ്കിലും കിണറ്റിലെ തവളയ്ക്ക് കടൽ അതിവിശാലമുള്ളതാണെന്ന് തിരിച്ചറിയാനായില്ല.

സമൂഹ ജീവിയായ മനുഷ്യന്റെ അവസ്ഥ ഇതുതന്നെയാണ്. എത്ര പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചാലും പൊതുവായ ഒരു ഗ്രഹണശക്തിയില്ലെങ്കിൽ ഈ തവളയുടെ അവസ്ഥപോലെ  ഒന്നും ഗ്രഹിക്കാൻ കഴിയില്ല.

ആൻമരിയ മാത്യു
ക്ലാസ്സ് 9

# എന്റെ വിദ്യാലയം

എത്ര സുന്ദരമാണെന്റെ വിദ്യാലയം .
സ്നേഹത്തിൻ ഉറവിടമാണെന്റെ വിദ്യാലയം
പഠനവും, കളിയും, ചിരിയും, സൗഹൃദവും,
സ്നേഹവും നിറഞ്ഞതാണെന്റെ വിദ്യാലയം

നന്മയുടെ ഉറവിടങ്ങളാണെന്റെ
അധ്യാപകർ . തൻ മക്കൾ
എന്ന പോലെ ഏവരേയും
ഒരുപോലെ കാണുന്നവർ

സ്നേഹത്തിൻ ഉറവിടമാണ്സൗഹൃദങ്ങൾ
സ്നേഹിക്കാനും,
ചിരിക്കാനും, കരയാനും
കൂടെ നിൽക്കുന്നചങ്ങാതിമാർ

ജീവിതത്തിൻ സമ്പാദ്യമാണവർ
എന്നെങ്കിലും പിരിയും എന്നറിഞ്ഞിട്ടും
പിരിയാത്ത മനസ്സുമായി
കൂടെ നിൽക്കുന്നവർ

ഇന്നല്ലെങ്കിൽ നാളെ പടി-
ഇറങ്ങണം എന്നുള്ള ദുഃഖത്തി
ന്റെ നാളുകൾ കണ്ണീരോടെ
എണ്ണിത്തീർക്കുന്നവർ

മഹിമ മഹേഷ്
ക്ലാസ്സ് 8

# മണ്ണാങ്കട്ടയും കരിയിലയും

ഒരിടത്ത് ഒരു മണ്ണാങ്കട്ടയും കരിയിലയും ഉണ്ടായിരുന്നു. അവർ വലിയ സുഹൃത്തുക്കളായിരുന്നു. അവർ ഇരുവരും ഒരു ദിവസം നടക്കാൻ ഇറങ്ങി. അപ്പോൾ ഒരു കാറ്റു വീശി. അപ്പോൾ സുഹൃത്തായിരുന്ന മണ്ണാങ്കട്ട കരിയിലയുടെ പുറത്ത് കയറിയിരുന്നു. കാറ്റു നിന്നു. അവർ യാത്ര തുടങ്ങി . മഴ പെയ്തു .മണ്ണാങ്കട്ട അലിഞ്ഞു പോകാതിരിക്കാൻ കരിയില മണ്ണാങ്കട്ടയുടെ പുറത്തുകയറിയിരുന്നു.

മഴതോർന്നു . പിന്നെയും അവർ യാത്രയായി. അപ്പോൾ മഴയും കാറ്റും ഒരുമിച്ച് വന്നു. കാറ്റിൽ കരിയില പറന്നു പോയി മഴയിൽ മണ്ണാങ്കട്ട അലിഞ്ഞുപോയി.

ശാലോം സാം ഷാജി

ക്ലാസ്സ് 3

# സ്നേഹം

വിരഹവേദനയുടെ
മുൻപിലെൻ സ്നേഹ
സാഗരമാണീശ്വരൻ
ആരുമില്ലാത്ത ജീവിത
വഴികളിലെൻ നടയൊരുക്കി
എൻ ഈശ്വരൻ

സ്നേഹത്തിൻ വരദാനം
ആകുലവേളയിൽ നൽ
സാന്ത്വനമാണീശ്വരൻ
സ്വപ്നവഴിയിലെൻ
വെളിച്ചമാണി സ്നേഹം

സരീഷ രാജു
ക്ലാസ്സ് -8

# കടപ്പാട്

ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ അധ്യാപകർക്കും ഒരായിരം നന്ദി..........

ചീഫ് എഡിറ്റർ